"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പ്രവൃത്തി പഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(കൈ) നം.7/2026/BCDD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:- 1) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 10.09.2021-ലെ ബിസിഡിഡി/358/2021-എ1 നമ്പർ കത്ത്.

2) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ-8) വകുപ്പ് സമർപ്പിച്ച പ്രവൃത്തി പഠന റിപ്പോർട്ട് 2025.

**<u>ഉത്തരവ്</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ജില്ലാ ഓഫീസുകൾ അനുവദിക്കുന്നതിനും, പുതുതായി 103 തസ്തികകൾ സൃഷ്ടിക്കുന്നതിനും പരാമർശം (1) പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ സർക്കാരിൽ പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2) പ്രസ്തുത പ്രപ്പോസലിന്റെ അടിസ്ഥാനത്തിൽ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പിന്നാക്ക വിഭാഗ വികസന വകുപ്പിൽ പ്രവൃത്തി പഠനം നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

3) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗ വികസന വകുപ്പിൽ നിലവിലുള്ള ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തിക 85,000 - 1,43,600 രൂപ ശമ്പള സ്കെയിലിൽ ഒരു ജോയിന്റ് ഡയറക്ടർ തസ്തികയായി അപ്ഗ്രേഡ് ചെയ്യും, പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റിലും, നാല് മേഖലാ ഓഫീസുകളിലുമായി (കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്) രണ്ട് വീതം ക്ലർക്ക് തസ്തികകൾ (ആകെ പത്ത് ക്ലർക്ക് തസ്തികകൾ) സൃഷ്ടിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ-8) വകുപ്പ്

ധനകാര്യ വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 3951, തീയതി 13/03/2026)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Rajimon. M
Date: 14-03-2026 15:54:39

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പിന്നാക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറിയുടെ പി.എ -യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-03-2026

ഫയൽ നം. എ1/345/2021/പിവിവിവ. ഇനം നം: 3951

വിഷയം : പിന്നാക്ക സമുദായ വികസന വകുപ്പ് - ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ വിവിധ തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പിന്നാക്ക സമുദായ വികസന വകുപ്പ്.

3951

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 1/345/2021/പിവിവിവ |
| 2 | വകുപ്പ് | : | പിന്നാക്ക സമുദായ വികസന (എ) വകുപ്പ് |
| 3 | വിഷയം | : | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ വിവിധ തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിന് സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06/03/2026 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ;<br>ii. സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | :<br>: | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. വൽസല എസ്.ഡി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. എ. കൗശിഗൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12/03/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13/03/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. ഒ. ആർ. കേളു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 13/03/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13/03/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പിന്നാക്ക വിഭാഗ വികസന വകുപ്പിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ വിവിധ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ് .

2). പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ജില്ലാ ഓഫീസുകൾ അനുവദിക്കുന്നതിനും, പുതുതായി 103 തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള ഡയറക്ടറുടെ പ്രപ്പോസൽ പരിശോധിച്ച് സമർപ്പിച്ചപ്പോൾ, പിന്നാക്ക വിഭാഗ വികസന വകുപ്പിൽ അടിയന്തര പ്രവൃത്തി പഠനം നടത്തി മൂന്ന് മാസത്തിനകം ശിപാർശകൾ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

3) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സമർപ്പിച്ച പഠന റിപ്പോർട്ടിൽ മറ്റ് ശിപാർശകളോടൊപ്പം, വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന അത്യാവശ്യം തസ്തികകൾ സൃഷ്ടിക്കുന്നതിനും ശിപാർശ ചെയ്തു.

i. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പദ്ധതികൾക്ക് ഫലപ്രാപ്തി ഉറപ്പാക്കുന്നതിനായി "പിന്നാക്ക വിഭാഗ പ്രൊമോട്ടർ" (BC Promoter) എന്ന പേരിൽ ഒരു താലൂക്കിൽ ഒരു പ്രൊമോട്ടർ എന്ന തരത്തിൽ 78 എണ്ണം പിന്നാക്ക വിഭാഗ പ്രൊമോട്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കേണ്ടതാണ്.

ii. പിന്നാക്ക വിഭാഗ പ്രൊമോട്ടർമാരുടെ സേവനം വിനിയോഗിച്ച് വകുപ്പിന്റെ ഫീൽഡ് തല പ്രവർത്തനങ്ങളുടെ ചുമതല നിർവഹിക്കുന്നതിനുമായി ഓരോ മേഖലാ ഓഫീസിലും ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിൽ 55200-115300 രൂപ ശമ്പള സ്കെയിലിൽ ഓരോ അസിസ്റ്റന്റ് ഡയറക്ടർ തസ്തികകൾ (ആകെ നാല് എണ്ണം) സൃഷ്ടിക്കേണ്ടതാണ്.

iii. ഡയറക്ടറേറ്റിലെ അധികാര ശ്രേണിയിൽ നിലനില്ക്കുന്ന അപാകത പരിഹരിക്കുന്നതിനും ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിക്ഷിപ്തമായ ചുമതലകൾ ലഘൂകരിക്കുന്നതിനുമായി ഡയറക്ടറേറ്റിൽ നിലവിലുള്ള ഡെപ്യൂട്ടി ഡയറക്ടർ തസ്തികയ്ക്ക് മുകളിലായി 85000-143600 രൂപ ശമ്പള സ്കെയിലിൽ ഒരു ജോയിന്റ് ഡയറക്ടർ തസ്തിക പുതുതായി സൃഷ്ടിക്കേണ്ടതാണ്.

iv. ഡയറക്ടറേറ്റിലെ അധികാര ശ്രേണിയിൽ നിലനില്ക്കുന്ന അപാകത പരിഹരിക്കുന്നതിനായി ഫിനാൻസ് ഓഫീസർ തസ്തികയ്ക്ക് 63700-123700 രൂപ ശമ്പള സ്കെയിൽ നിശ്ചയിക്കുവാനും ടി തസ്തികയിലേക്ക് അണ്ടർ സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥനെ നിയമിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

v. ഡയറക്ടറേറ്റിൽ നിലവിലുള്ള ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതലകൾ വകുപ്പിന്റെ ഫീൽഡ് തല പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്രീകൃതമാകുന്ന സാഹചര്യത്തിൽ വകുപ്പിന്റെ ഭരണപരമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഡയറക്ടറേറ്റിൽ 63700-123700 രൂപ ശമ്പള സ്കെയിലിൽ അഡ്മിനിസ്ട്രേറ്റിവ് ഓഫീസറുടെ ഒരു തസ്തിക സൃഷ്ടിക്കേണ്ടതാണ്.

vi. നിലവിലുള്ള ജോലിഭാരം കണക്കിലെടുത്തും വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വരുന്ന മാറ്റങ്ങൾ പരിഗണിച്ചും കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട് മേഖലാ ഓഫീസുകളിൽ ഓരോന്നിലും 26500-60700 രൂപ ശമ്പള സ്കെയിലിൽ 3 വീതം ആകെ 12 (4x3) ക്ലാർക്ക് തസ്തികകൾ പുതുതായി സൃഷ്ടിക്കേണ്ടതാണ്.

vii. നിലവിലുള്ള ജോലിഭാരം കണക്കിലെടുത്തും വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വരുന്ന മാറ്റങ്ങൾ പരിഗണിച്ചും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ 26500-60700 രൂപ ശമ്പള സ്കെയിലിൽ പുതുതായി 2 ക്ലാർക്ക് തസ്തികകൾ സൃഷ്ടിക്കേണ്ടതാണ്.

viii. കൊല്ലം, പാലക്കാട് എന്നീ മേഖലാ ഓഫീസുകളിൽ അനുവദിച്ചിട്ടുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ സ്ഥിരം ജീവനക്കാരന്റെ സേവനം ലഭ്യമാകാത്തതിനാൽ പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനങ്ങളിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ടി ഓഫീസുകളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ നിലവിൽ നിഷ്കർഷിച്ചിട്ടുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമന രീതിയിൽ മാറ്റം വരുത്തുന്നതിനും ടി തസ്തികകൾക്ക് 23000-50200 രൂപ ശമ്പള സ്കെയിൽ അനുവദിച്ച് പബ്ലിക് സർവീസ് കമ്മീഷൻ മുഖാന്തരം സ്ഥിരനിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>പുതുതായി സൃഷ്ടിക്കേണ്ട ആകെ തസ്തികകൾ</u>**

| ക്രമ നമ്പർ | തസ്തികയുടെ പേര് | നിലവിലുള്ള എണ്ണം | പുതുതായി സൃഷ്ടിക്കേണ്ട എണ്ണം |
|---|---|---|---|
| 1. | ജോയിന്റ് ഡയറക്ടർ | 0 | 1 |
| 2. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 0 | 1 |
| 3. | അസിസ്റ്റന്റ് ഡയറക്ടർ | 0 | 4 |
| 4. | ക്ലാർക്ക് | 12 | 14 |
| പുതുതായി സൃഷ്ടിക്കേണ്ട തസ്തികകളുടെ ആകെ എണ്ണം | | | 20 |

4) മേൽ ശിപാർശകൾ അനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്നത് മൂലം ആകെ 3,40,70,112/- രൂപയുടെ വാർഷിക അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പ്രവൃത്തി പഠന റിപ്പോർട്ടിലെ വിവിധ ശിപാർശകൾ സഹിതം ഫയൽ സമർപ്പിച്ചപ്പോൾ, ബഹു. മുഖ്യമന്ത്രി ചുവടെ പറയുന്ന പ്രകാരം ഉത്തരവായി.

1) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ശിപാർശകൾ തത്വത്തിൽ അംഗീകരിക്കുന്നു

2) പുതുതായി തസ്തികകൾ സൃഷ്ടിക്കുന്ന ശിപാർശകളിന്മേൽ ധനകാര്യവകുപ്പിന്റെ അഭിപ്രായത്തോടെ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക.

3) നിലവിലുള്ള 4 മേഖലാ ഓഫീസുകളെയും ഡയറക്ടറേറ്റിനെയും ശക്തിപ്പെടുത്തുന്നതിനുള്ള വകുപ്പുതലത്തിൽ സ്വീകരിക്കാവുന്ന നടപടികൾ അടിയന്തരമായി നടപ്പാക്കുക ഇവ ഫലപ്രദമായി നടപ്പാക്കപ്പെടുന്നു എന്ന് ഉദ്യോഗസ്ഥ ഭരണ. പരിഷ്കാര വകുപ്പും ഭരണ വകുപ്പും ഉറപ്പാക്കുക.

6) ബഹു. ധനകാര്യ വകുപ്പ് മന്ത്രി ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു .

"A. തല്ക്കാലം പുതിയ ജോയിന്റ് ഡയറക്ടർ തസ്തിക സൃഷ്ടിക്കേണ്ടതില്ല. പകരം നിലവിലുള്ള ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തിക 85000-143600 രൂപ ശമ്പള സ്കെയിലിൽ ഉള്ള ഒരു ജോയിന്റ് ഡയറക്ടർ തസ്തിക ആയി അപ്ഗ്രേഡ് ചെയ്യാവുന്നതാണ്.

B. വളരെ ചെറിയ എസ്റ്റാബ്ലിഷ്മെന്റ് മാത്രമാണ് വകുപ്പ് ഡയറക്ടറേറ്റിൽ ഉള്ളത് എന്നത് കണക്കിലെടുത്ത് അഡ്മിനിസ്ട്രേറ്റിവ് ഓഫിസർ തസ്തിക സൃഷ്ടിക്കണമെന്ന ശിപാർശ തൽക്കാലം പരിഗണിക്കേണ്ടതില്ല.

C. വകുപ്പ് ഡയറക്ടറേറ്റിലും 4 മേഖലാ ഓഫീസുകളിലും 2 ക്ലർക്ക് തസ്തികകൾ വീതം ആകെ 10 പുതിയ ക്ലർക്ക് തസ്തികകൾ [5 x 2 = 10] സൃഷ്ടിക്കുന്നതിന് അനുമതി നൽകാവുന്നതാണ്.

D. പിന്നാക്ക വിഭാഗ പ്രൊമോട്ടർമാരുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വേണ്ടി ശിപാർശ ചെയ്തിരുന്ന അസിസ്റ്റന്റ് ഡയറക്ടർ തസ്തികയ്ക്ക് പകരമാണ് നിലവിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയെ സീനിയർ സൂപ്രണ്ട് ആയി അപ്ഗ്രേഡ് ചെയ്യാം എന്നറിയിച്ചിരിക്കുന്നത്. എന്നാൽ നിലവിൽ പ്രൊമോട്ടർമാരെ നിയമിക്കാത്ത സാഹചര്യത്തിലും ഈ വകുപ്പിലെ നിലവിലുള്ള സൂപ്രണ്ടുമാരുടെ എണ്ണം മറ്റ് വകുപ്പുകളിലേത് പോലെ ക്ലർക്കുമാരുടെ എണ്ണത്തിന് അനുപാതികമല്ല എന്നതും കണക്കിലെടുത്ത് ജൂനിയർ സൂപ്രണ്ട് തസ്തികയെ സീനിയർ സൂപ്രണ്ട് ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള ശിപാർശ പരിഗണിക്കേണ്ടതില്ല."

## തീരുമാനിക്കേണ്ട വിഷയം

1). പിന്നാക്ക വിഭാഗ വികസ വകുപ്പിലെ നിലവിലുള്ള ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തിക 85000-143600 രൂപ ശമ്പള സ്കെയിലിൽ ഉള്ള ഒരു ജോയിന്റ് ഡയറക്ടർ തസ്തിക ആയി അപ്ഗ്രേഡ് ചെയ്യാവുന്നതാണോ ?

2). പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റിലും 4 മേഖലാ ഓഫീസുകളിലും 2 ക്ലർക്ക് തസ്തികകൾ വീതം ആകെ 10 പുതിയ ക്ലർക്ക് തസ്തികകൾ [5 x 2 = 10] സൃഷ്ടിക്കുന്നതിന് അനുമതി നൽകാവുന്നതാണോ ?